Talented Bankers Literary Panel
പുസ്തക പരിചയം 252.

പുസ്തകം പരിചയപ്പെടുത്തുന്നത്,
സുരേഷ് നാരായണൻ
ധനലക്ഷ്മി ബാങ്ക്,
റീജണൽ ഓഫീസ്, ന്യൂ ഡൽഹി.

ഓർമ്മയിലെ പച്ച ചോപ്പ്
ബി രവികുമാർ

*ഒടുവിലിന്റെ ചിതയും മറ്റുറവകളും*

അനുഭവക്കുറിപ്പുകളെഴുതാൻ
എത്രയെളുപ്പം എന്നു കരുതുന്ന
ആളാണോ നിങ്ങൾ?
എങ്കിൽ ബി.രവികുമാർ എഴുതിയ ഓർമ്മയിലെ പച്ച ചോപ്പ് വായിക്കുക

ഇതു വായിച്ചു കൊണ്ടിരിക്കേ,
അഥവാ ഗ്രന്ഥകാരന്റെ ഭാഷയിൽ പറഞ്ഞാൽ വലിച്ചു കൊണ്ടിരിക്കേ
ഓർമ്മയുടെ ഭടന്മാർ നമ്മെ നിഷ്കരുണം വളയും.
ഇന്നു ഭാഷയതപൂർണ്ണമിങ്ങഹോ
എന്ന ചൊല്ലെല്ലാം മറന്നു നമ്മൾ
ഊർന്നിറങ്ങും.
മറ്റെവിടെയോ പൊങ്ങി
മുങ്ങിക്കൊണ്ടേയിരിക്കും.

തൂലികയിൽ ഓർമ്മകളുടെ മഷി നിറയ്ക്കൽ എളുപ്പമത്രേ.
പക്ഷേ തൂവാതെ, തുളുമ്പാതെ,
പടരാതെ, വറ്റാതെ എഴുതുക
എഴുതിത്തീർക്കുക
എന്നാൽ സമസ്യയാണ് എഴുത്താളരെ
അധീരരാക്കുക.

അതിസമർത്ഥമായി രവികുമാർ ഈ കടമ്പ കസറിക്കടന്നിരിക്കുന്നു .
പ്രത്യേകിച്ചും ആദ്യഭാഗങ്ങളിൽ.

നീർമാതളത്തിന്റെ ചരിത്രം മുതൽ ഇങ്ങോട്ടു നോക്കിയാൽ അറിയാം,
സൂക്ഷ്മതയോടെ തൻറെ ക്യാമറ 'പാൻ' ചെയ്യുന്നവർക്കേ വായനക്കാരനെ
കൂടെ നിർത്താൻ കഴിയൂ.

അങ്ങനെയൊരു താദാത്മ്യം പാലിക്കൽ
ഈ ഭൂമികയിൽ
തെങ്ങു തങ്കപ്പൻ, പുകയും ദാസൻ, കിണറും വിജയൻ, താമരക്കണ്ണൻ മാഷ്, ലക്ഷ്മണ കൃഷ്ണപിള്ള, ഇഞ്ചിക്കറി ഗിരീഷ്, ചുടല രമേശൻ, ആനക്കുഞ്ഞുമോൻ, അല്ലിയമ്മ
എന്നിവരിലൂടെയെല്ലാം
ചുറ്റി വളഞ്ഞൊഴുകുന്നു.
കുന്നന്താനം ദേശപ്പെരുമ ആകുന്നു.

ആഴക്കിണർ ഒന്നു കുഴിക്കുന്നതു പോലെയാണ് എഴുത്ത്.
ഓരോ റിങ്ങരഞ്ഞാണത്തിൽ നിന്നും
ഓരോരുത്തർ ഉയർന്നു ചാടി വായനക്കാരന്റെ തോൾ മേലെ ഇരിക്കുന്നു.

തൊട്ടറിയുവാൻ ആകണം
എല്ലാവരുടെയും ചിത്രങ്ങളുമുണ്ട് . അത് വായനാനുഭവത്തെ കൈപിടിച്ച് ഉയർത്തുന്നുമുണ്ട്.

അവസാന ഭാഗങ്ങളിൽ മുറുക്കം നഷ്ടപ്പെടുന്നുണ്ടെങ്കിലും ഗ്രന്ഥകാരന്റെ
ഉൾക്കാഴ്ചകളാൽ സമ്പന്നമാണ്
ഓരോ താളുകളും.

"ഏതു സംസാരവും കത്തിയമരുന്നത് മരണത്തിന്റെ തണുത്തുറഞ്ഞ സ്പർശം അറിയിച്ചുകൊണ്ടായിരിക്കും. അന്നും അങ്ങനെ തന്നെയായിരുന്നു"
ഒടുവിൽ ഉണ്ണികൃഷ്ണന്റെ ചിതയ്ക്കു കൂട്ടിരുന്ന രമേശനാം ചുടലമാടനെപറ്റിയുള്ള ഈ കുറിപ്പ്
ഏറ്റവുമൊടുവിൽ ചേർത്തിരുന്നെങ്കിൽ കൂടുതൽ അന്വർഥമായേനെ !

പ്രസാധകർ - പാപ്പാത്തി പുസ്തകങ്ങൾ
വില - Rs.140/-